മാതൃഭൂമി
23 April 2026

# 50 ശാസ്ത്രീയ മുങ്ങൽ ദൗത്യങ്ങൾ പൂർത്തിയാക്കി ഡോ. ദിവ്യ വിശ്വംഭരൻ

**കെ. ഉണ്ണികൃഷ്ണൻ**
കൊച്ചി

“ഒരു അദ്ഭുത ലോകമാണത്. നിറപ്പകിട്ടുള്ള മീനുകൾ, പവിഴപ്പുറ്റുകൾ, ആഴത്തിലേക്ക് പോയാൽ ഇരുട്ട് കൂടിവരും...” -ഡോ. ദിവ്യ വിശ്വംഭരൻ പറയുന്നത് കടലിനടിയിലേക്ക് പോകുമ്പോഴുള്ള കാഴ്ചകളെക്കുറിച്ചാണ്. കർണാടക, കേരളം, ലക്ഷദ്വീപ് എന്നിവിടങ്ങളിലെ തീരത്തിനടുത്ത് 50 തവണ ശാസ്ത്രീയ മുങ്ങൽ ദൗത്യങ്ങൾ പൂർത്തിയാക്കി, മംഗലാപുരത്തെ സി.എം.എഫ്.ആർ.ഐ. കേന്ദ്രത്തിലെ ശാസ്ത്രജ്ഞയായ ദിവ്യ.



ഡോ. ദിവ്യ വിശ്വംഭരൻ

കടലിന്റെ ആഴങ്ങളിലേക്ക് ഏകദേശം 40 മീറ്റർ വരെ പോയാണ് പഠനം. കാർഷിക സർവകലാശാലയിൽ അധ്യാപകനായിരുന്ന തിരുവനന്തപുരം കുറവംകോണം സുദർശനയിൽ ഡോ. കെ. വിശ്വംഭരന്റെയും രാധാലക്ഷ്മിയുടെയും മകളായ ദിവ്യ പഠിച്ചത് പനങ്ങാട് ഫിഷറീസ് കോളേജിലാണ്.

‘ലക്ഷദ്വീപിലെ പര്യവേക്ഷണത്തിനിടെയാണ് മുങ്ങൽ പഠിക്കണമെന്ന് തോന്നിയത്. പഠനത്തിന് കടലിൽ പോയാൽ മുങ്ങൽവിദഗ്ധർ അടിത്തട്ടിൽ പോയി സാമ്പിളുകൾ കൊണ്ടുവരുന്നതാണ് പതിവ്. അതുവരെ മുകൾത്തട്ടിൽ ബോട്ടിൽ കാത്തിരിക്കണം. സ്വയം പോയാൽ നേരിട്ട് കാര്യങ്ങൾ കണ്ടറിയാമല്ലോ എന്നു തോന്നി. ഡേറ്റ തയ്യാറാക്കാൻ അത് ഉപകരിച്ചു’- ദിവ്യ പറയുന്നു. ഫിഷറീസ് കോളേജിൽ പഠിക്കുമ്പോൾ പതിവായി നീന്താൻ പോകുമായിരുന്നു. അതുകൊണ്ട് വെള്ളത്തെ പേടിയില്ലായിരുന്നു. കർണാടകത്തിലെ ഒരു സ്ഥാപനത്തിലായിരുന്നു ഡൈവിങ് പരിശീലനം. കാർണാടകത്തിലെ ഭട്കലിനടുത്ത് നേത്രാണി പവിഴപ്പുറ്റ് മേഖലയിലാണ് ആദ്യമായി പോയത്. സമുദ്രത്തിനടിയിലെ ഒരു വലിയ ആവാസവ്യവസ്ഥ അവിടെയുണ്ട്. കടലിൽ പലതരം കാഴ്ചകളാണെന്ന് ദിവ്യ പറഞ്ഞു.



കടലിന്റെ അടിത്തട്ടിൽ പര്യവേക്ഷണത്തിനിടെ ഡോ. ദിവ്യ വിശ്വംഭരൻ

**ഗവേഷകർക്കിടയിലെ മുങ്ങൽവിദഗ്ധ**

ഉപേക്ഷിക്കപ്പെട്ട വലകൾ അടിത്തട്ടിൽ ഒരുപാടുണ്ട്. ഇത് മീനുകൾക്കു കെണിയായി മാറുന്നുണ്ട്. അതിൽ കുടുങ്ങി രക്ഷപ്പെടാനാകാതെ ചത്തുപോയ വലിയ മീനുകളെയും മറ്റും അവിടെ കാണാം. ചിലയിടങ്ങളിൽ തകർന്ന കപ്പലുകളുടെ അവശിഷ്ടങ്ങളുണ്ട്. വലയും ഇത്തരം അവശിഷ്ടങ്ങളുമുള്ള മേഖലകളിൽ അപകടസാധ്യതകൾ ഏറെയാണ് -ദിവ്യ പറയുന്നു. ബി.എസ്.എൻ.എൽ. അക്കൗണ്ട്സ് ഓഫീസറായ ഭർത്താവ് റിനുവിന്റെ പ്രോത്സാഹനവും ഡൈവിങ്ങിൽ കരുത്തായി. ഏകമകൾ നൈപുണ്യ.